# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*282

13/03/2018-ൽ മറുപടിയ്ക്ക്

## ജില്ലാതല പദ്ധതി തയ്യാറാക്കൽ

| ചോദ്യം<br>ശ്രീ.എം. നൗഷാദ്<br>,, കെ.വി.വിജയദാസ്<br>,, വി. കെ. സി. മമ്മത് കോയ<br>,, എസ്.രാജേന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സാമൂഹ്യനീതിക്കും സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന്റെ പ്രാഥമിക ഉത്തരവാദിത്തം ഭരണഘടന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത് പ്രകാരം രാജ്യത്ത് ആദ്യമായി ജില്ലാതല പദ്ധതി തയ്യാറാക്കുന്നതിൽ സ്വീകരിച്ച വികസന കാഴ്ചപ്പാടും അതിനായി സർക്കാർ നൽകിയ മാർഗനിർദ്ദേശങ്ങളും വിശദമാക്കുമോ; | (എ) | സംയോജിത വികസന കാഴ്ചപ്പാട് രൂപീകരിക്കുകയാണ് ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അതായത് വിവിധ തട്ട് സർക്കാരുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്ക് ദിശാബോധം നൽകുന്നതിനും ഏകോപനം ഉറപ്പാക്കുന്നതിനും ഉള്ള ഒരു ഉപാധിയായാണ് ജില്ലാ പദ്ധതിയെ വിഭാവനം ചെയ്തിട്ടുള്ളത്. ജില്ലാ ആസൂത്രണ സമിതികൾ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗരേഖ 23.09.2017-ലെ സ.ഉ.(അച്ചടി) നം.19/2017/പ്ലാനിംഗ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്ഥലപരമായ ആസൂത്രണത്തിനും ജലം ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന്റെ നീതിയുക്തമായ വിതരണത്തിനും സംരക്ഷണത്തിനും സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ; | (ബി)<br>&<br>(സി) | വിശദമായ കൂടിയാലോചനയുടെയും വിവിധതലങ്ങളിൽ നടന്ന ചർച്ചയുടെയും അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതികൾ കരട് ജില്ലാ പദ്ധതി തയ്യാറാക്കുകയും തുടർന്ന് ജില്ലാതലത്തിൽ വിദഗ്ദരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മുൻപിൽ അവതരിപ്പിച്ച് അഭിപ്രായരൂപീകരണം |

| | | | |
|---|---|---|---|
| (സി) | വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പ്രദേശത്തെ വികസന സ്വപ്നം ജില്ലാപദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ സ്വീകരിച്ച മാർഗം വിശദമാക്കുമോ; എല്ലാ തലങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കാനായിട്ടുണ്ടോ? | | നടത്തുകയും ചെയ്തിരുന്നു. കരട് രേഖ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്ത് അഭിപ്രായങ്ങൾ സ്വീകരിച്ച് പരമാവധി ജന പങ്കാളിത്തത്തോടെയാണ് ജില്ലാ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

**കേരള സർക്കാർ**

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്—ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ- അംഗീകരിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ. ഉ. (അച്ചടി) നമ്പർ 19/2017/പ്ലാനിംഗ്.

തിരുവനന്തപുരം, 2017 സെപ്റ്റംബർ 23.

പരാമർശം:—സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 11-8-2017-ലെ എസ്.പി.ബി./2017/ഡി.പി.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മുഖ്യ ചുമതലയാണ് ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത്. ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. എല്ലാ ജില്ലാ ആസൂത്രണ സമിതികളും മാർഗരേഖയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്. വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, ഏജൻസികൾ തുടങ്ങി വികസനത്തിന്റെ മേഖലയിൽ ഇടപെടുന്ന ഓരോ യൂണിറ്റിനും ദിശാബോധം നൽകുന്നതിന് സഹായിക്കുന്നതും ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്നതുമായ ഒരു രേഖയായിരിക്കണം ജില്ലാ പദ്ധതി.

2. സമഗ്രമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഏജൻസികളുടെയും സർവകലാശാലകളുടെയും വിദ്യാഭ്യാസ-ഗവേഷണ-വികസന സ്ഥാപനങ്ങളുടെയും പ്രാദേശിക

3/3484/2017/S-6.

സെക്ഷൻ ഓഫീസർ

സർക്കാരുകളുടെയും പൂർണ്ണ പങ്കാളിത്തവും സഹകരണവും ആവശ്യമാണ്. സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുക, സ്ഥിതിവിവരക്കണക്കുകളുടെ വിശകലനം സാധ്യമാക്കുന്നതിന് വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കുക, ജില്ലകളിൽ സംഘടിപ്പിക്കുന്ന ചർച്ചകളിൽ അനുയോജ്യരായവരെ പങ്കെടുപ്പിച്ച് വിദഗ്ദ്ധ അഭിപ്രായവും പ്രായോഗിക നിർദ്ദേശങ്ങളും നൽകുക, ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്ന ഉപസമിതികളിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നവർ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ സേവനങ്ങൾ നൽകി ജില്ലാ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,
*ചീഫ് സെക്രട്ടറി.*

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.

എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും ചെയർപേഴ്സൺമാർക്കും മെമ്പർ സെക്രട്ടറിമാർക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ ഓഫീസർമാർക്കും.

നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം).

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുഭരണ (എസ്.സി.) വകുപ്പിന്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

പകർപ്പ്:—മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പി.എ.-യ്ക്ക്.

എല്ലാ സെക്രട്ടറിമാരുടെയും പി.എ. മാർക്ക്.

അനുബന്ധം 5

## ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

### 1. ആമുഖം

1.1 ഭരണഘടനയുടെ 243 ജി, 243 ഡബ്ല്യു അനുച്ഛേദങ്ങൾ പ്രകാരം സാമൂഹ്യ നീതിക്കും സാമ്പത്തിക വികസനത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പ്രാഥമിക ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുവാനും ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുവാനുംവേണ്ടി ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 243 ZD അനുശാസിക്കുന്നുണ്ട്. അതായത് പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പദ്ധതികളുടെ ഏകോപന-സംയോജന ചുമതല ജില്ലാ ആസൂത്രണ സമിതിക്കുമാണ്.

1.2 ഭരണഘടന വിഭാവനം ചെയ്യുന്നതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര മേഖലകളിൽ സ്വതന്ത്രമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയെന്ന രീതി പ്രാവർത്തികമാക്കുന്നതിൽ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണെങ്കിലും സമന്വയവും ഏകോപനവും ഉറപ്പാക്കി വികസന പ്രവർത്തികൾ നടപ്പാക്കുന്നതിന് വേണ്ടത്ര കഴിയുന്നില്ല എന്നത് ഒരു പോരായ്മയാണ്. പതിമൂന്നാം പദ്ധതിക്കാലത്ത് ഈ പോരായ്മ പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സമഗ്ര വികസനം സാധ്യമാകണമെങ്കിൽ ലഭ്യമാകാവുന്ന മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുകയും ആവർത്തനങ്ങൾ ഒഴിവാക്കി പരിപാടികളുടെ സമന്വയം പരമാവധി ഉറപ്പാക്കുകയും വേണം. അതുപോലെ വികസന പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ഈ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ ഭരണഘടനാ ചുമതലകൾ നിറവേറ്റുന്നതിനുമുള്ള ഒരു സുപ്രധാന ഉപാധിയാണ് ജില്ലാ പദ്ധതി.

### 2. ജില്ലാ പദ്ധതിയുടെ ലക്ഷ്യം

2.1 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53 പ്രകാരം ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതിക്ക് വിപുലമായ ചുമതലകളാണ് നൽകിയിട്ടുള്ളത്. അതിൽ പ്രധാനം ജില്ലാ ആസൂത്രണമാണ്. ജില്ലാ ആസൂത്രണ സമിതി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുകയും ജില്ലയ്ക്കുവേണ്ടി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുകയും

[illegible]യുണ്ടതുണ്ട്. സ്ഥലമാനാസൂത്രണം, ജലത്തിന്റെയും മറ്റ് ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങളുടെയും പങ്കിടൽ, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനം എന്നിവ ഉൾപ്പെടെ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കിടയിൽ പൊതു താൽപ്പര്യമുള്ള കാര്യങ്ങളും സാമ്പത്തികവും അല്ലാത്തതുമായ വിഭവങ്ങളുടെ ലഭ്യതയും പരിഗണിച്ചുവേണം കരട് ജില്ലാ വികസന പദ്ധതി തയ്യാറാക്കേണ്ടത്. ഇത്തരത്തിൽ ജില്ലാ പദ്ധതി തയ്യാറാക്കുമ്പോൾ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോടും സംഘടനകളോടും കൂടിയാലോചിച്ചു വേണം അവ തയ്യാറാക്കേണ്ടതെന്നും കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്നുണ്ട്.

2.2 ജില്ലാ പദ്ധതി എന്നത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ ക്രോഡീകരിച്ച ഒരു രേഖ എന്നതിനെക്കാളുപരി ജില്ലയുടെ സമഗ്ര വികസനം വിഭാവനം ചെയ്യുന്ന ഒരു രേഖയായിരിക്കണം. അതായത് വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുവാനും വികസന പ്രക്രിയയിൽ ഇടപെടുന്ന ഓരോ യൂണിറ്റിന്റെയും സാധ്യതകളും പ്രവർത്തനങ്ങളും പരസ്പരം അറിയുവാനും സംയുക്തമായി ഏറ്റെടുക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഓരോ യൂണിറ്റും ഏറ്റെടുക്കേണ്ട ഘടകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമായി നിർണ്ണയിക്കുവാനും സംയോജന-ഏകോപന സാധ്യതകൾ പ്രയോജനപ്പെടുത്താനും പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജില്ലാ പദ്ധതി രൂപീകരണത്തിലൂടെ കഴിയണം.

2.3 പ്രത്യേകമായ വകയിരുത്തലോ സ്കീമുകളോ പ്രോജക്ടുകളോ ഇല്ലാത്ത പദ്ധതിയാണ് ജില്ലാ പദ്ധതി. വിവിധ തട്ടു ഗവൺമെന്റുകൾ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഇടപെടലുകൾക്കു ദിശാബോധം നൽകുന്നതിനും, കോട്ടങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും, ശരികളെയും നേട്ടങ്ങളെയും കൂടുതൽ ബലപ്പെടുത്തുന്നതിനും നല്ല മാതൃകകളെ വ്യാപിപ്പിക്കുന്നതിനും, തെറ്റായ രീതികളെ നിരുത്സാഹപ്പെടുത്തുന്നതിനും, വിവിധ തട്ടുകൾ ഏറ്റെടുക്കുന്ന വികസന പ്രോജക്ടുകൾ തമ്മിൽ മെച്ചപ്പെട്ട സംയോജനം ഉറപ്പുവരുത്തുന്നതിനുമുള്ള ഒരു ഉപകരണമാണ് ജില്ലാ പദ്ധതി.

2.4 എല്ലാ ഗുണഗണങ്ങളും ഒത്തിണങ്ങിയ ഒരു ജില്ലാ പദ്ധതി തയ്യാറാക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. അതിനു രണ്ടോ മൂന്നോ വർഷങ്ങൾ തന്നെ വേണ്ടി വന്നേക്കാം. ദീർഘകാലമെടുത്ത് പദ്ധതി തയ്യാറാക്കി കഴിയുമ്പോഴേക്കും സാഹചര്യങ്ങൾ മാറുകയും ജില്ലാ പദ്ധതിയുടെ പല അംശങ്ങളും കാലഹരണപ്പെടുകയും ചെയ്തു എന്നും വരാം. അതുകൊണ്ട് പ്രായോഗികതയും യാഥാർത്ഥ്യബോധവും മുറുകെ പിടിക്കുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. എല്ലാ ഗുണഗണങ്ങളും ഒത്തിണങ്ങിയ ജില്ലാ പദ്ധതി തയ്യാറാവുന്നതുവരെ വിവിധ തട്ടു സർക്കാരുകളുടെ വാർഷിക പദ്ധതി രൂപീകരണവും, അവയുടെ ഏകോപനവും നടത്തിപ്പും നിർത്തിവെയ്ക്കാനാവില്ല. ആസൂത്രണ പ്രക്രിയ അഭംഗുരം നടക്കണം. ഒപ്പം 2017-18-ൽ ജില്ലാ പദ്ധതി രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ തട്ടു പദ്ധതികളെ മെച്ചപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം ആരംഭിക്കുകയും വേണം.

2.5 ആദ്യവർഷം തയ്യാറാക്കുന്ന ജില്ലാ പദ്ധതി സമഗ്രമായിക്കൊള്ളണമെന്നില്ല. ജില്ലാ പദ്ധതിയുടെ ഗുണനിലവാരം വരും വർഷങ്ങളിൽ തുടർച്ചയായി മെച്ചപ്പെടുത്താവുന്നതാണ്. ഏറെ താമസിയാതെ ലക്ഷണമൊത്തതും ശാസ്ത്രീയവുമായ ജില്ലാ പദ്ധതിയിലേക്കു സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും എത്താൻ കഴിയും.

2.6 ആദ്യ വർഷം തയ്യാറാക്കുന്ന ജില്ലാ പദ്ധതി സമഗ്രവും പൂർണ്ണവുമാകണമെന്ന് നിർബന്ധമില്ല എന്നതിന്റെ അർത്ഥം അതിന്റെ വസ്തുതാപരതയിലോ ശാസ്ത്രീയതയിലോ വിട്ടുവീഴ്ചയാകാം എന്നല്ല. ആദ്യ വർഷം എല്ലാ സൂക്ഷ്മ മേഖലകളേയും സൂക്ഷ്മ പ്രശ്നങ്ങളേയും കൈകാര്യം ചെയ്യാൻ കഴിഞ്ഞു എന്നു വരില്ല എന്നാണ് അർത്ഥമാക്കുന്നത്. ഏറ്റവും പ്രധാന കാര്യങ്ങളിലേക്കും വ്യക്തതയുള്ളതും ഏകാഭിപ്രായം ഉള്ളതുമായ കാര്യങ്ങളിലേക്കും വിശകലനം ചുരുക്കേണ്ടി വന്നേക്കാം. പക്ഷേ, ഉൾപ്പെടുത്തുന്ന വിവരങ്ങൾ വസ്തുതാപരമായിരിക്കണം, കണിശത ഉറപ്പാക്കണം. വ്യക്തതയും അഭിപ്രായ ഐക്യവും പൊതുവെയുള്ള കാര്യങ്ങളിൽ ഒതുങ്ങി നിൽക്കാൻ തീരുമാനിച്ചാൽ

പോലും ഏറെ പ്രയോജനപ്രദമായ ഇടപെടലുകൾ നടത്താനും നിർദ്ദേശങ്ങൾ രൂപപ്പെടുത്താനും ജില്ലാ പദ്ധതി രൂപീകരണം സഹായിക്കും. വരും വർഷങ്ങളിൽ കൂടുതൽ വിശദവും സമഗ്രവുമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിശദാംശങ്ങളിലേക്ക് ഇറങ്ങിക്കൊണ്ടുള്ള ഇടപെടൽ നിർദ്ദേശങ്ങളിലേക്ക് പോകാനും കഴിയും.

## 3. കരട് ജില്ലാ പദ്ധതി

3.1 കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം ജില്ലാ ആസൂത്രണ സമിതികളെ ഏൽപ്പിച്ചിട്ടുള്ള സുപ്രധാന ചുമതലയായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളാണ് ചുവടെ വിവരിക്കുന്നത്. എല്ലാ ജില്ലാ ആസൂത്രണ സമിതികളും ഈ മാർഗരേഖയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയക്രമത്തിനുള്ളിൽ തന്നെ ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്.

3.2 ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ പരമാവധി പങ്കാളിത്തത്തോടെ വേണം ജില്ലാ പദ്ധതി തയ്യാറാക്കേണ്ടത്. ജില്ലാതലത്തിൽ തയ്യാറാക്കി താഴേക്ക് നൽകുന്ന കരട് രേഖ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചും വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിച്ചും അന്തിമമാക്കണം. പ്രസ്തുത ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും (Plans) പ്രോജക്ടുകളും (Projects) തയ്യാറാക്കേണ്ടത്. ജില്ലാതലത്തിലെ ആസൂത്രണത്തിനായി വകുപ്പുകളുടെയും മിഷനുകളുടെയും പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയെ ആധാരമാക്കി ഡി.പി.സി.ക്ക് നിർദ്ദേശിക്കാവുന്നതാണ്.

3.3 ജില്ലാ പദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കണം. ജില്ലയുടെ വികസനം സംബന്ധിച്ച വിശാല കാഴ്ചപ്പാട് വ്യക്തമാക്കുന്ന ജില്ലാ വികസന പരിപ്രേക്ഷ്യം ആദ്യഭാഗമായും കേന്ദ്ര/സംസ്ഥാന വകുപ്പുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതിയും (2017-18) വിശകലനം ചെയ്ത് ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രണ്ടാം ഭാഗമായും ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തണം. ജില്ലാ പദ്ധതിയുടെ വിശദമായ ഘടന ചുവടെ ചേർക്കുന്നു:

## ജില്ലാ പദ്ധതിയുടെ ഘടന

: മുഖവുരയും ഉള്ളടക്കവും

ഭാഗം I : ജില്ലാ വികസന പരിപ്രേക്ഷ്യം

അധ്യായം 1 : ആമുഖം: ജില്ലയുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിസ്തൃതി, ജനസംഖ്യ, ഭൂപ്രകൃതി, പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ, ജനസംഖ്യാ വളർച്ചയും കുടിയേറ്റവും, വികസന ചരിത്രം, ജില്ലയുടെ ഭൂപടം.

അധ്യായം 2 : വിഭവലഭ്യത (മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ)

അധ്യായം 3 : വികസനത്തിന്റെ സ്ഥലമാനങ്ങൾ

അധ്യായം 4 : വികസന മേഖലകൾ: അവസ്ഥയും പരിപ്രേക്ഷ്യവും

4.1 : ഉൽപ്പാദന മേഖല

4.2 : സേവന മേഖല

4.3 : പശ്ചാത്തല മേഖല

4.4 : പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

ഭാഗം II : ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അധ്യായം 5 : കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

അധ്യായം 6 : തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും

അധ്യായം 7 : പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും.

## 4. ജില്ലാ പദ്ധതി തയ്യാറാക്കൽ

### ഘട്ടങ്ങൾ

### 4.1 ഘട്ടം 1 : ഉപസമിതികളുടെ രൂപീകരണം

4.1.1 കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുവാൻ 1995-ലെ കേരള ജില്ലാ ആസൂത്രണ സമിതി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ 16-ാം ചട്ടത്തിൽ പ്രതിപാദിക്കുന്നത് പ്രകാരം ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ഉപ സമിതികൾ രൂപീകരിക്കേണ്ട വിഷയ മേഖലകൾ ചുവടെ ചേർക്കുന്നു:

1. ആമുഖ വിവരങ്ങൾ
2. വിഭവ ലഭ്യത (മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങൾ)
3. വികസനത്തിന്റെ സ്ഥലമാനങ്ങൾ
4. ഉല്പാദന മേഖല (5)
   - 4.1 നീർത്തടാധിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ്-ജല സംരക്ഷണം ഉൾപ്പെടെ)
   - 4.2 മൃഗ സംരക്ഷണം, ക്ഷീരവികസനം
   - 4.3 മത്സ്യ വികസനം
   - 4.4 പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം
   - 4.5 വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ.
5. സേവന മേഖല (3)
   - 5.1 ആരോഗ്യം, കുടിവെള്ളം, ശുചിത്വം (ഖര-ദ്രാവക മാലിന്യ സംസ്കരണം ഉൾപ്പെടെ)
   - 5.2 പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം
   - 5.3 വിദ്യാഭ്യാസം (അംഗനവാടി വിദ്യാഭ്യാസം ഉൾപ്പെടെ) സാംസ്കാരം, കായികം, യുവജനകാര്യം.
6. പശ്ചാത്തല മേഖല (2)
   - 6.1 ഊർജ്ജം
   - 6.2 ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം



7. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ (2)
   - 7.1 പട്ടികജാതി, പട്ടികവർഗ വികസനം
   - 7.2 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ വിഭാഗം എന്നിവരുടെ വികസനം

4.1.2 പതിനഞ്ച് ഉപസമിതികൾ രൂപീകരിക്കണമെന്നാണ് നിർദ്ദേശിക്കുന്നതെങ്കിലും ജില്ലകളുടെ സാഹചര്യങ്ങൾക്കനുസരിച്ച് കൂടുതൽ ഉപസമിതികൾ ആകാവുന്നതാണ്. ഉദാഹരണത്തിന് ആരോഗ്യത്തിനും കുടിവെള്ളത്തിനും പ്രത്യേകം ഉപസമിതികൾ ആവശ്യമാണെന്ന് കാണുന്ന ജില്ലകൾക്ക് അപ്രകാരം പ്രത്യേകം ഉപസമിതികൾ രൂപീകരിക്കാം. ഇവിടെ സൂചിപ്പിച്ചിട്ടില്ലാത്ത മേഖലകൾക്കും, ആവശ്യമെങ്കിൽ, ഉപസമിതികൾ രൂപീകരിക്കാവുന്നതാണ് (ഉദാ: സഹകരണം, ദാരിദ്ര്യ ലഘൂകരണം, നഗരവൽക്കരണം, അന്യ സംസ്ഥാന തൊഴിലാളികൾ, മത്സ്യത്തൊഴിലാളി വികസനം). തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വൻനഗരങ്ങൾ ഉള്ള ജില്ലകളിൽ വൻനഗരവും വൻനഗരമൊഴികെയുള്ള ഭാഗവും തമ്മിലുള്ള ഏകോപനത്തിനായി പ്രത്യേക ഉപസമിതി ആകാം.

4.1.3 ഉപസമിതിയുടെ ചെയർപേഴ്സൺ ഒരു ഡി.പി.സി. അംഗവും വൈസ് ചെയർപേഴ്സൺ വിഷയ മേഖലാ വിദഗ്ദ്ധനും കൺവീനർ വിഷയ മേഖലയുടെ ജില്ലാതല ഉദ്യോഗസ്ഥനും അംഗങ്ങൾ വിഷയ മേഖലയിലെ വിദഗ്ദ്ധരും ആയിരിക്കേണ്ടതാണ്. ഒരു ഡി.പി.സി. അംഗത്തെ ഒന്നിലേറെ വിഷയ സമിതികളുടെ ചെയർപേഴ്സൺ ആയി നിശ്ചയിക്കാമെങ്കിലും എല്ലാ ഡി.പി.സി. അംഗങ്ങൾക്കും ചുമതല വരുന്ന രീതിയിൽ വേണം ചെയർപേഴ്സൺമാരെ നിശ്ചയിക്കേണ്ടത്.

4.1.4 ഉപസമിതിയുടെ അംഗസംഖ്യ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ എന്നിവർ ഉൾപ്പെടെ 7 മുതൽ 15 വരെ ആകാവുന്നതാണ്. അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ഉദ്യോഗസ്ഥരെയും അനുദ്യോഗസ്ഥരായ വിദഗ്ദ്ധരെയും പരിഗണിക്കേണ്ടതാണ്. വൈദഗ്ദ്ധ്യം, സന്നദ്ധത എന്നീ ഘടകങ്ങൾ പരിഗണിച്ച് ഈ ഉദ്യമത്തിൽ കാര്യമായ സംഭാവന നൽകാൻ കഴിയുമെന്ന് ഉത്തമബോധ്യമുള്ളവരെ കണ്ടെത്തിവേണം ഉപസമിതികൾ രൂപീകരിക്കേണ്ടത്. അംഗങ്ങളിൽ പകുതി സർവ്വീസിൽ ഉള്ളവർ ആകുന്നത് അഭികാമ്യമായിരിക്കും. ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമെൻസ് ചേംബർ എന്നീ സംഘടനകളുമായി കൂടിയാലോചിച്ച് ഗ്രാമ, ബ്ലോക്ക് പ്രസിഡന്റുമാരെയും മുനിസിപ്പൽ ചെയർപേഴ്സൺമാരെയും ഉപസമിതികളിൽ അംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്.

4.1.5 മിഷനുകളുമായുള്ള സംയോജനവും ഏകോപനവും സാധ്യമാക്കുന്നതിന് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ജില്ലാ കോ-ഓർഡിനേറ്റർമാരെയും കുടുംബശ്രീ, സാമൂഹ്യ സുരക്ഷാ മിഷൻ തുടങ്ങിയ മിഷനുകളുടെ ജില്ലാ കോ-ഓർഡിനേറ്റർമാരെയും എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങിയ പ്രോജക്ടുകളുടെ പ്രോജക്ട് ഓഫീസർമാരെയും ബന്ധപ്പെട്ട ഉപസമിതികളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

4.1.6 കരട് അധ്യായങ്ങൾ തയ്യാറാക്കുന്നതിന് ഉപസമിതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും അത് തയ്യാറാക്കേണ്ട പ്രധാന ഉത്തരവാദിത്തം ഉപസമിതിയുടെ കൺവീനറായ ജില്ലാതല ഉദ്യോഗസ്ഥനായിരിക്കും. ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിൽ കാര്യമായ സംഭാവന നൽകാൻ കഴിയുന്നവരെയാണ് ഉപസമിതിയിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് സഹായകമാകുംവിധം ഉപസമിതിയിൽ ഉൾപ്പെടുത്തേണ്ടുന്ന അംഗങ്ങളുടെ പട്ടിക ജില്ലാതല ഉദ്യോഗസ്ഥൻ തയ്യാറാക്കി നൽകേണ്ടതാണ്. കൺവീനർക്ക് ഉദ്യോഗസ്ഥ സംവിധാനത്തിന്റെ സഹകരണം ലഭിക്കുന്നുണ്ടെന്ന് ഡി.പി.സി. നേതൃത്വം ഉറപ്പാക്കണം.

4.1.7 ജനകീയാസൂത്രണ പ്രവർത്തനങ്ങളെ സഹായിക്കാൻ സന്നദ്ധ സേവനത്തിന് തയ്യാറുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ ഉപസമിതിയിൽ അംഗങ്ങളാക്കി അവരുടെ പങ്കാളിത്തം ജില്ലാ പദ്ധതി രൂപീകരണത്തിൽ ഉറപ്പാക്കേണ്ടതാണ്. ഉപസമിതി അംഗങ്ങളായി വിവിധ പ്രാദേശിക സർക്കാരുകളുടെ ആസൂത്രണ സമിതി അംഗങ്ങളേയും പരിഗണിക്കാവുന്നതാണ്.

4.1.8 ഡി.പി.സി. യോഗത്തിന്റെ അംഗീകാരത്തോടെ ഒരു നടപടി ഉത്തരവിലൂടെ വേണം ഉപസമിതികൾ രൂപീകരിക്കേണ്ടത്.

### 4.2 ഘട്ടം 2 : ജില്ലാതല കൂടിയാലോചനാ യോഗം

4.2.1 ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള കർമ്മപരിപാടിക്ക് രൂപം നൽകുന്നതിനും പൊതുനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു കൂടിയാലോചനായോഗം സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, മേയർ, മുനിസിപ്പൽ ചെയർമെൻസ് ചേമ്പറിന്റെയും ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെയും ജില്ലാ പ്രസിഡന്റും സെക്രട്ടറിയും, ഡി.പി.സി.യുടെ ജോയിന്റ് സെക്രട്ടറിമാർ, മിഷനുകളുടെയും അതുപോലെയുള്ള മറ്റ് വികസന



ഏജൻസികളുടെയും ജില്ലാതല ഉദ്യോഗസ്ഥർ (ഉദാ: കുടുംബശ്രീ, എസ്.എസ്.എ., ആർ.എം.എസ്.എ., തൊഴിലുറപ്പ് മിഷൻ, സാമൂഹ്യ സുരക്ഷാ മിഷൻ തുടങ്ങിയവ), ജില്ലാ ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജനറൽ മാനേജർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), മേഖലാ ജോയിന്റ് ഡയറക്ടർ (നഗരകാര്യം), സംരംഭകർ, വ്യാപാരി-വ്യവസായി സംഘടനാ നേതാക്കൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ജില്ലയുടെ വികസന കാര്യങ്ങളിൽ തൽപരരാണെന്ന് ഡി.പി.സി. കണ്ടെത്തുന്നവർ തുടങ്ങിയവരുടെ യോഗമാണ് വിളിച്ചു ചേർക്കേണ്ടത്. ഉപസമിതികളുടെ ചെയർപേഴ്സൺമാരെയും വൈസ് ചെയർപേഴ്സൺമാരെയും കൺവീനർമാരെയും കൂടി യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

### 4.3 ഘട്ടം 3 : കരട് ജില്ലാ പദ്ധതി തയ്യാറാക്കൽ

4.3.1 നടപ്പു വർഷത്തെ പദ്ധതികളുടെ/പ്രോജക്ടുകളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മുകൾത്തട്ടു-കീഴ്ത്തട്ടു നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ഏകോപിത പ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ കണ്ടെത്തുകയുമാണ് ജില്ലാ പദ്ധതിയുടെ പ്രധാന ലക്ഷ്യം. എന്നാൽ പ്രോജക്ടുകളുടെ വിശകലനവും മുകൾത്തട്ടു-കീഴ്ത്തട്ടു നിർദ്ദേശങ്ങൾ തയ്യാറാക്കലും നടത്തുന്നത് ജില്ലയുടെ വികസനം സംബന്ധിച്ച സമഗ്രമായ ഒരു പരിപ്രേക്ഷ്യത്തിന്റെ വെളിച്ചത്തിൽ ആയിരിക്കണം.

4.3.2 ജില്ലയുടെ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനു മുന്നോടിയായി ഓരോ വികസന മേഖലയുടെയും/ഉപ മേഖലയുടെയും നിലവിലെ അവസ്ഥ വിശകലനം ചെയ്യണം. ലഭ്യമായ സ്ഥിതിവിവരക്കണക്കുകളുടെ വിശകലനം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, സ്ഥല സന്ദർശനം തുടങ്ങിയ രീതികൾ ഇതിനായി അവലംബിക്കാം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാ വിശകലന റിപ്പോർട്ടുകൾ വ്യത്യസ്ഥമായ ഗുണനിലവാരം പുലർത്തുന്നവയാണ്. എന്നിരുന്നാലും അവ ശേഖരിച്ച് പരിശോധിക്കുന്നത് ജില്ലാതലത്തിലെ അവസ്ഥാ വിശകലനം നടത്താൻ സഹായകരമാകും.

4.3.3 അവസ്ഥാ വിശകലനം സാധ്യമാക്കുന്നതിന്, ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ബന്ധപ്പെട്ട ഉപസമിതിക്ക് നൽകുന്നതിന് ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതൊക്കെ സ്ഥിതിവിവരക്കണക്കുകൾ ഇത്തരത്തിൽ ലഭ്യമാക്കാൻ കഴിയുമെന്ന്

നിശ്ചയിക്കുന്നതിനായി ജില്ലാതലത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. സംസ്ഥാനതലത്തിൽ ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ജനറൽ ലഭ്യമാക്കുന്നതാണ്.

4.3.4 അവസ്ഥാ വിശകലനത്തിന്റെ ഭാഗമായി വികസനത്തിലെ വിടവുകൾ, വികസന പ്രശ്നങ്ങൾ, ജനകീയ ആവശ്യങ്ങൾ, വികസന സാധ്യതകൾ, ഏകോപന സാധ്യതകൾ, പുതിയ പ്രശ്നപരിഹാര രീതികൾ, ആശയങ്ങൾ തുടങ്ങിയവ കണ്ടെത്തണം. അടിയന്തിരമായി നടത്തേണ്ട ഇടപെടലുകൾ ഉണ്ടെങ്കിൽ അവയും കണ്ടെത്തണം.

4.3.5 അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്താവുന്നതാണ്. വികസന മേഖലയിൽ പതിമൂന്നാം പദ്ധതിയുടെ കാലയളവിലും, ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടേണ്ടത് എന്നു പറയാൻ കഴിയണം. ഇപ്രകാരം വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുമ്പോൾ കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്. വിവിധ തട്ടു ഗവൺമെന്റുകളുടെ വികസന ലക്ഷ്യങ്ങളെ ജില്ലയുടെ സാധ്യതകളും, പരിമിതികളും പരിഗണിച്ചുകൊണ്ട് ക്രമീകരിക്കുകയാണ് ഇതിലൂടെ ചെയ്യേണ്ടത്. ജില്ലയുടെ ഭൂമിശാസ്ത്രപരവും, പരിസ്ഥിതിപരവും, ജനസംഖ്യാപരവും സ്ഥലമാനപരവും സാമൂഹികവും സാംസ്കാരികവുമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് മാത്രമേ വിവിധ തട്ടു സർക്കാരുകളുടെ പദ്ധതിലക്ഷ്യങ്ങൾ ഓരോ പ്രദേശത്തും ക്രമീകരിച്ചു നടപ്പിലാക്കാനാകൂ.

4.3.6 മേഖലാതലത്തിലുള്ള പരിപ്രേക്ഷ്യങ്ങളുടെ സമഗ്രമായ ക്രോഡീകരണത്തിലൂടെ ജില്ലയുടെ പൊതു വികസന പരിപ്രേക്ഷ്യത്തിലേക്ക് എത്തിച്ചേരാനാകും. പൊതു വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ മേഖലാ പരിപ്രേക്ഷ്യങ്ങളിൽ പൂരകമായ മാറ്റങ്ങൾ അനിവാര്യമായേക്കാം. സംഗ്രഹവും ഉപസംഹാരവും എന്ന അധ്യായത്തിൽ പൊതു വികസന പരിപ്രേക്ഷ്യം ഉൾപ്പെടുത്താവുന്നതാണ്.

4.3.7 ജില്ലാ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ജില്ലയിലോ ജില്ലയ്ക്ക് പുറത്തോ പ്രവർത്തിക്കുന്ന വികസന-ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ, മറ്റ് വിദഗ്ദ്ധ സ്ഥാപനങ്ങൾ എന്നിവയുടെ വിദഗ്ദ്ധ ഉപദേശങ്ങൾ സ്വീകരിക്കുന്നതിന് ഉപസമിതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഉപസമിതി അംഗങ്ങൾക്ക് ഇത്തരം സ്ഥാപനങ്ങളുടെ പ്രതിനിധികളെ



ചർച്ചയ്ക്ക് ക്ഷണിക്കുകയോ അല്ലെങ്കിൽ സ്ഥാപനത്തിൽ പോയി ചർച്ച ചെയ്യുകയോ അതുമല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളിലൂടെയോ വിദഗ്ദ്ധ ഉപദേശം സ്വീകരിക്കാവുന്നതാണ്. അതുപോലെ വ്യത്യസ്ത മേഖലകളുടെ മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട മറ്റ് ഉപസമിതികളുമായി കൂടിയാലോചിക്കുകയും മറ്റ് ഉപസമിതികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രത്യേക കുറിപ്പായി നൽകുകയും ചെയ്യേണ്ടതാണ്.

4.3.8 ജില്ലാ ആസൂത്രണത്തിൽ മുഖ്യ പരിഗണന അർഹിക്കുന്ന ഒരു ഘടകമാണ് പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും സ്ഥലമാനാസൂത്രണവും. സ്ഥലമാന ആസൂത്രണത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട ഉപസമിതി തയ്യാറാക്കി പ്രത്യേക അധ്യായമായി ഉൾപ്പെടുത്തുകയാണെങ്കിലും പ്രധാന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വിഷയ മേഖലാ ഉപസമിതികൾക്ക് നൽകേണ്ടതും ഉപസമിതികൾ അവ മേഖലാതല അധ്യായത്തിൽ പ്രതിപാദിക്കേണ്ടതുമാണ്.

4.3.9 ജില്ലാ വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് സമാന്തരമായി തന്നെ ഉപസമിതികൾ ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം തയ്യാറാക്കുന്ന പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ജില്ലയിലെ പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും അധ്യായം 5-ൽ ഉൾപ്പെടുത്തണം. ഇതിന് കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ജില്ലാ വിഹിതം വ്യക്തമാക്കുന്ന രേഖ ഉപയോഗപ്പെടുത്താവുന്നതാണ്. അധ്യായം 6-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിച്ച രീതി, ജനപങ്കാളിത്തം, വാർഷിക പദ്ധതിയുടെയും പ്രോജക്ടുകളുടെയും ഗുണമേന്മ എന്നീ ഘടകങ്ങൾ വിശകലന വിധേയമാക്കി ഭാവിയിൽ അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയാണ് വേണ്ടത്. അതോടൊപ്പം മാതൃകാ പ്രോജക്ടുകളും നൂതന പ്രോജക്ടുകളും പ്രത്യേകം പട്ടികപ്പെടുത്തുകയും വേണം. കേന്ദ്ര സംസ്ഥാന പദ്ധതികളുടെയും പ്രാദേശിക പദ്ധതികളുടെയും അവലോകനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് നൽകേണ്ട നിർദ്ദേശങ്ങളും ഭാഗം II-ൽ (അധ്യായം 5, 6 എന്നിവയിൽ) ഉൾപ്പെടുത്താവുന്നതാണ്.

4.3.10 ആമുഖ വിവരങ്ങൾ, വിഭവ ലഭ്യത എന്നീ അധ്യായങ്ങൾ തയ്യാറാക്കുന്നതിനുള്ള ഉപസമിതികൾ ബന്ധപ്പെട്ട അധ്യായങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ തയ്യാറാക്കണം. വിഭവ ലഭ്യത എന്ന

അധ്യായത്തിൽ മാനവ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളുടെ സാധ്യതകൾ വിശദമായിത്തന്നെ വിശകലനം ചെയ്യുകയും ധന വിഭവത്തെ സംബന്ധിച്ചിടത്തോളം 2017-18 മുതൽ 5 വർഷക്കാലയളവിൽ ജില്ലയിലെ ഓരോ വികസന യൂണിറ്റിനും വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കാവുന്ന തുക ഏറെക്കുറെ കൃത്യമായി കണക്കാക്കി ഒരു പട്ടികയായി നൽകുകയും വേണം. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം എന്നിവ ഓരോ വർഷവും 10 ശതമാനം വർദ്ധിക്കുമെന്ന് കണക്കാക്കി 2021-22 വരെയുള്ള വിഹിതം നിശ്ചയിക്കാവുന്നതാണ്. അതോടൊപ്പം സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളും സ്വകാര്യ സംരംഭങ്ങളുടെ സാധ്യതകളും പരിശോധിച്ച് ഉൾപ്പെടുത്തണം.

4.3.11 അവസ്ഥാ വിശകലനം നടത്തി കരട് ജില്ലാ പദ്ധതി രൂപപ്പെടുത്തുന്നതിന് ഉപസമിതികൾ ആവശ്യാനുസരണം യോഗം ചേരേണ്ടതും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കി കരട് രേഖ തയ്യാറാക്കേണ്ടതുമാണ്. ഉപസമിതിയുടെ ആദ്യയോഗത്തിൽ തന്നെ അംഗങ്ങൾക്ക് ചുമതലകൾ വിഭജിച്ച് നൽകുകയും ഓരോ അംഗവും തയ്യാറാക്കുന്ന കുറിപ്പുകൾ ഉപസമിതിയുടെ തുടർന്നുള്ള യോഗത്തിൽ വിശദമായി ചർച്ച ചെയ്ത് പരിപോഷിപ്പിക്കുന്നതുമായ രീതി അവലംബിക്കാവുന്നതാണ്. ഉപസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയോ സേവനം അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ ഡി.പി.സി. അധ്യക്ഷന്റെയും മെമ്പർ സെക്രട്ടറിയുടെയും അംഗീകാരത്തോടെ ഉപസമിതിയിൽ ഉൾപ്പെടുത്തുകയോ പ്രത്യേക ക്ഷണിതാവായി പങ്കെടുപ്പിക്കുകയോ ചെയ്യാവുന്നതാണ്.

**4.4 ഘട്ടം 4 : കരട് ജില്ലാ പദ്ധതി: അഭിപ്രായ രൂപീകരണം**

4.4.1 ഘട്ടം 3-ൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്ന കരട് ജില്ലാ പദ്ധതി ജില്ലാ ആസൂത്രണ സമിതി പരിഗണിക്കേണ്ടതും തുടർന്ന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ചർച്ചകൾ സംഘടിപ്പിച്ചും അല്ലാതെയും കരട് ജില്ലാ പദ്ധതി സംബന്ധിച്ച് അഭിപ്രായ രൂപീകരണം നടത്തേണ്ടതുമാണ്.

4.4.2 അഭിപ്രായ രൂപീകരണത്തിന്റെ ഭാഗമായി കരട് ജില്ലാ പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്. അത് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചയ്ക്ക് വിധേയമാക്കണം. ചർച്ചകളിൽ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദ്ധരെയും അതത് മേഖലകളിലെ പ്രഗത്ഭരായ



സ്വകാര്യ സംരംഭകരെയും ലീഡ് ബാങ്ക് പ്രതിനിധികളെയും പങ്കെടുപ്പിക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ചർച്ചകൾക്ക് ആസൂത്രണ സമിതി നേതൃത്വം നൽകണം.

4.4.3 തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുമ്പോൾ മേഖലകളിലെ ജില്ലാ തല അവസ്ഥയും ലക്ഷ്യവും പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും സ്വകാര്യ സംരംഭകരുടെയും പങ്കും പ്രത്യേകം ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്. ഉദാഹരണത്തിന് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന് അനുസൃതമായി ഗ്രാമപഞ്ചായത്ത്/നഗരസഭാ പ്രദേശത്ത് എത്ര ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നും അത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ഓരോ വികസന യൂണിറ്റിന്റെ പങ്കും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കുകയാണ് വേണ്ടത്. ഇത്തരത്തിൽ ഓരോ മേഖലയും ചർച്ച ചെയ്ത് പ്രസ്തുത നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന തീയതിക്കു മുമ്പായി ഡി.പി.സി.യ്ക്ക് ലഭ്യമാക്കണം.

4.4.4 അഭിപ്രായ രൂപീകരണം നടത്തുന്നതിന്റെ ഭാഗമായി കരട് രേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ച് ഓൺലൈനിൽ അഭിപ്രായങ്ങൾ സ്വീകരിക്കാവുന്നതുമാണ്. അഭിപ്രായങ്ങൾ രേഖാമൂലം നൽകുന്നതിനുള്ള സൗകര്യം ഡി.പി.സി. സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുകയും വേണം.

4.4.5 കരട് ജില്ലാ പദ്ധതി സംബന്ധിച്ച് വിവിധ രംഗങ്ങളിൽ നിന്നും ലഭിക്കുന്ന അഭിപ്രായങ്ങൾ ഉപ സമിതികളുടെ സഹായത്തോടെ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കണം. ജില്ലാതല ക്രോഡീകരണത്തിനു ശേഷം ജില്ലാതല ലക്ഷ്യവും ജില്ലാ വികസന പദ്ധതിയും ആവശ്യമെങ്കിൽ പരിഷ്ക്കരിക്കേണ്ടതാണ്.

**4.5 ഘട്ടം 5 : ജില്ലാ വികസന സെമിനാർ**

4.5.1 അഭിപ്രായ രൂപീകരണത്തിന് ശേഷം പരിഷ്ക്കരിക്കുന്ന കരട് ജില്ലാ പദ്ധതി, ജില്ലാ ആസൂത്രണ സമിതി പരിഗണിച്ച് ജില്ലാ വികസന സെമിനാറിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

4.5.2 വികസന സെമിനാറിൽ എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, മേയർ, ഉപസമിതികളുടെ

ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ, ജില്ലാ ലീഡ് ബാങ്ക് മാനേജർ, നബാർഡിന്റെ ജില്ലാ ജനറൽ മാനേജർ, ഗവേഷണ-വികസന സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിദഗ്ദ്ധർ, ജില്ലയുടെ വികസന കാര്യങ്ങളിൽ തൽപരരാണെന്ന് ഡി.പി.സി. കണ്ടെത്തുന്ന മറ്റുള്ളവർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്.

4.5.3 ജില്ലാ പദ്ധതിക്ക് മൂർത്ത രൂപം നൽകുന്ന തരത്തിലായിരിക്കണം സെമിനാറിലെ ചർച്ചകൾ സംഘടിപ്പിക്കേണ്ടത്. ഉദ്ഘാടന സെഷനു ശേഷം ആമുഖ വിവരങ്ങൾ, വിഭവ ലഭ്യത, വികസനത്തിന്റെ സ്ഥലമാനങ്ങൾ, ഉൽപ്പാദനം, സേവനം, പശ്ചാത്തലം, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ, കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ അവലോകനം, പ്രാദേശിക പദ്ധതികളുടെ അവലോകനം എന്നിങ്ങനെ ഗ്രൂപ്പായി തിരിഞ്ഞ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യേണ്ടതും തുടർന്ന് പ്ലീനറി സെഷനിൽ ശുപാർശകൾ അവതരിപ്പിച്ച് അന്തിമമാക്കുകയും ചെയ്യേണ്ടതാണ്.

4.5.4 ജില്ലാ വികസന സെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഉപസമിതികളുടെ സഹായത്തോടുകൂടി ജില്ലാ ആസൂത്രണ സമിതി കരട് രേഖ പരിഷ്ക്കരിക്കേണ്ടതും ഇത്തരത്തിൽ അന്തിമമാക്കിയ കരട് ജില്ലാ പദ്ധതിക്ക് അംഗീകാരം നൽകേണ്ടതുമാണ്.

## 5. ജില്ലാ പദ്ധതിക്ക് സർക്കാർ അംഗീകാരം

5.1 ജില്ലാ ആസൂത്രണ സമിതി അന്തിമമാക്കുന്ന ജില്ലാ പദ്ധതി കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53-ൽ അനുശാസിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

5.2 വിവിധ ജില്ലകളുടെ കരട് ജില്ലാ പദ്ധതികൾ സംസ്ഥാന വികസന കൗൺസിലിൽ ചർച്ച ചെയ്യുന്നതും കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അംഗീകാരം സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുമാണ്.

5.3 സംസ്ഥാന സർക്കാർ അംഗീകരിച്ചു നൽകുന്ന ജില്ലാ വികസന പദ്ധതിയുടെ കോപ്പി തദ്ദേശഭരണ സ്ഥാപനങ്ങൾ, വികസന വകുപ്പുകൾ, വകുപ്പുകളുടെ ജില്ലാ തല ഓഫീസുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, വികസന-ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും ലൈബ്രറികൾ എന്നിവർക്ക് ലഭ്യമാക്കണം. പ്രസിദ്ധീകരിച്ച രേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ഔദ്യോഗിക വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും വേണം.



5.4 ജില്ലാ പദ്ധതിയിലെ ജില്ലാ വികസന പരിപ്രേക്ഷ്യവും മാർഗ നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്. ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കാൻ വികസന വകുപ്പുകളും ഏജൻസികളും തയ്യാറാവേണ്ടതാണ്.

## 6. ജില്ലാ പദ്ധതിയുടെ കാലാവധി

6.1 ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം എല്ലാ വർഷവും പുതുക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും വാർഷിക പദ്ധതികൾ വിലയിരുത്തി വരും വർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ എടുക്കേണ്ട കരുതലുകളെക്കുറിച്ച് ഡി.പി.സി. നൽകുന്ന നിർദ്ദേശങ്ങളാണ് ജില്ലാ പദ്ധതിയുടെ രണ്ടാം ഭാഗം. ഇത് തീർച്ചയായും ഒരു വാർഷിക പ്രതിഭാസമാണ്. എന്നാൽ ജില്ലാ പദ്ധതിയുടെ ഒന്നാം ഭാഗത്ത് നൽകുന്ന ജില്ലാ വികസന പരിപ്രേക്ഷ്യം കൂടുതൽ സ്ഥിരസ്വഭാവമുള്ളതാണ്. വികസന പരിപ്രേക്ഷ്യത്തിന്റെ കൂടി വെളിച്ചത്തിലാണ് രണ്ടാം ഭാഗത്തെ വാർഷിക നിർദ്ദേശങ്ങൾ തയ്യാറാക്കുക. എന്നാൽ വികസന പരിപ്രേക്ഷ്യവും കാലഹരണപ്പെടലിന്റെ നിയമങ്ങൾക്ക് അതീതമല്ല. വികസന പരിപ്രേക്ഷ്യവും നവീകരിക്കപ്പെടേണ്ടതുണ്ട്. ചുരുങ്ങിയപക്ഷം എല്ലാ പഞ്ചവത്സര പദ്ധതികളുടെയും തുടക്കത്തിൽ ജില്ലാ വികസന പരിപ്രേക്ഷ്യം പുതുക്കേണ്ടതാണ്. പക്ഷേ അഞ്ചുവർഷത്തിനുമുമ്പ് തന്നെ ജില്ലാ വികസന പരിപ്രേക്ഷ്യം പുതുക്കേണ്ടതുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി തീരുമാനിക്കുകയാണെങ്കിൽ അപ്രകാരം പുതുക്കി ശക്തിപ്പെടുത്താവുന്നതാണ്. 2017-18-ൽ ജില്ലാ വികസന പരിപ്രേക്ഷ്യം തിരക്കിട്ടു തയ്യാറാക്കുന്നതുകൊണ്ട് വരും വർഷങ്ങളിൽ ജില്ലാ വികസന പരിപ്രേക്ഷ്യത്തെ കൂടുതൽ സമഗ്രമാക്കാൻ അതാത് ഡി.പി.സി.കൾക്ക് മത്സരബുദ്ധിയോടുകൂടി ശ്രമിക്കാവുന്നതാണ്.

## 7. നിരീക്ഷണ സംവിധാനം

7.1 ജില്ലാ ആസൂത്രണ സമിതികൾ ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ മോണിട്ടറിംഗ് കമ്മിറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്.

**(a) സംസ്ഥാനതല മോണിട്ടറിംഗ് കമ്മിറ്റി**

അദ്ധ്യക്ഷൻ : മുഖ്യമന്ത്രി

സഹ അദ്ധ്യക്ഷൻ : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ഉപ അദ്ധ്യക്ഷൻ : വൈസ് ചെയർമാൻ, സംസ്ഥാന ആസൂത്രണ ബോർഡ്

അംഗങ്ങൾ :

1. ചീഫ് സെക്രട്ടറി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കൺവീനർ)
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ, കില
6. ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
7. ഡയറക്ടർ, എസ്.ഡി.പി., ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
8. ചീഫ് ടൗൺ പ്ലാനർ
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമ വികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. ചീഫ് (വികേന്ദ്രീകൃതാസൂത്രണം), സംസ്ഥാന ആസൂത്രണ ബോർഡ്.

**(b) ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി**

അദ്ധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി

അംഗങ്ങൾ :

1. ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ഡി.പി.സി.
2. ഡി.പി.സി.യിലെ സർക്കാർ നോമിനി



3. ജില്ലാ പ്ലാനിംഗ് ഓഫീസർ (കൺവീനർ)
4. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
5. ജില്ലാ ടൗൺ പ്ലാനർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
7. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)
8. മേഖലാ ജോയിന്റ് ഡയറക്ടർ (നഗരകാര്യം)
9. ഉപസമിതികളുടെ കൺവീനർമാർ.

7.2 സംസ്ഥാന മോണിട്ടറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറി വിളിച്ചു ചേർക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

7.3 ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഉപസമിതികളുടെ പ്രവർത്തനം വിലയിരുത്തേണ്ടതും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർത്ത് ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ഉണ്ടെന്ന് കാണുകയാണെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കണം.

7.4 ഉപസമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ചുമതല ഡി.പി.സി. സെക്രട്ടേറിയറ്റിന് ആയിരിക്കും. ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്), ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർ എന്നിവർ ജില്ലാ പദ്ധതി തയ്യാറാക്കുന്ന പുരോഗതി ഓരോ ആഴ്ചയിലും അവലോകനം ചെയ്യേണ്ടതാണ്.

**8. സഹായ സംവിധാനങ്ങൾ**

**8.1 കൈപ്പുസ്തകവും ടൂൾകിറ്റും**

കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം സംസ്ഥാന ആസൂത്രണ ബോർഡിന്റെയും കിലയുടെയും സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന്റെയും ആഭിമുഖ്യത്തിൽ തയ്യാറാക്കി ലഭ്യമാക്കുന്നതാണ്.

## 8.2 റിസോഴ്സ് ടീം

ജില്ലാ പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയ്ക്ക് വേണ്ട സാങ്കേതിക സഹായം സംസ്ഥാന ആസൂത്രണ ബോർഡും കിലയും ലഭ്യമാക്കുന്നതാണ്. ആസൂത്രണ ബോർഡിനെയും കിലയെയും സഹായിക്കുന്നതിന്, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ച സംസ്ഥാന റിസോഴ്സ് ഗ്രൂപ്പിന് പുറമെ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ സംസ്ഥാന തലത്തിൽ ഒരു റിസോഴ്സ് ടീം പ്രവർത്തിക്കുന്നതാണ്.

1. ഡോ. കെ. എൻ. ഹരിലാൽ, മെമ്പർ, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
2. ശ്രീ. വി. കെ. മധു, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, തിരുവനന്തപുരം
3. ശ്രീമതി ടി. ഉഷാകുമാരി, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, വയനാട്
4. ശ്രീമതി കെ. ജഗദമ്മ ടീച്ചർ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, കൊല്ലം
5. ശ്രീ. എ. പി. ഉണ്ണികൃഷ്ണൻ, ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി, മലപ്പുറം
6. ശ്രീ. ടി. ഗംഗാധരൻ, ഗീതിക, കാനൂൾ പി. ഒ., ഒഴാക്രം, കണ്ണൂർ
7. പ്രൊഫ. പി. കെ. രവീന്ദ്രൻ, രജിസ്ട്രാർ, ഐ.ആർ.ടി.സി., പാലക്കാട്
8. ശ്രീ. എ. കസ്തൂരിരംഗൻ, ചീഫ് ടൗൺ പ്ലാനർ (റിട്ട.)
9. ശ്രീമതി ടി. എം. സുധ, ചീഫ് ടൗൺ പ്ലാനർ (റിട്ട.)
10. ഡോ. ജോയ് ഇളമൻ, ഡയറക്ടർ, കില
11. ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ഡയറക്ടർ, എസ്.ഡി.പി., ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
13. ശ്രീ. കെ. രമണൻ, ചീഫ് ടൗൺ പ്ലാനർ
14. ശ്രീ. കെ. ശിവകുമാർ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.)
15. പ്രൊഫ. എൻ. രമാകാന്തൻ, മെമ്പർ, കേരള ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
16. ഡോ. സി. ഭാസ്ക്കരൻ, പ്രൊഫസർ (റിട്ട.), കേരള കാർഷിക സർവ്വകലാശാല



17. ശ്രീ. ടി. എസ്. രഘുലാൽ, അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്
18. ശ്രീ. എൻ. ജഗജീവൻ, കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ
19. ഡോ. ജെ. ബി. രാജൻ, അസോസിയേറ്റ് പ്രൊഫസർ, കില
20. പ്രൊഫ. എ. സുഹൃത് കുമാർ, ലക്ച്ചറർ, ഗവ. ലാ കോളേജ്, തിരുവനന്തപുരം
21. പ്രൊഫ. ഇരുദയരാജൻ, പ്രൊഫസർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്
22. ശ്രീ. കെ. കെ. ജനാർദ്ദനൻ, നീലാംബരി, ഇരുവേട്ടി, അരീക്കോട്, മലപ്പുറം
23. ശ്രീ. സജി ജോൺ, അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.

## 8.3 പരിശീലനം

ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ഉപസമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ, പ്രാദേശിക സർക്കാരുകളുടെ അദ്ധ്യക്ഷൻമാർ, സെക്രട്ടറി, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, വൈസ് ചെയർമാൻമാർ, കൺവീനർമാർ മുതലായവർക്ക് ജില്ലാ പദ്ധതി സംബന്ധിച്ച് കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്നതാണ്.

## 8.4 ജില്ലാ റിസോഴ്സ് ഗ്രൂപ്പ്

ജനകീയാസൂത്രണ പ്രവർത്തനങ്ങളെ സഹായിക്കുവാൻ സന്നദ്ധ സേവനത്തിന് തയ്യാറുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ജില്ലാ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുന്നതാണ്. ഉപസമിതികളിൽ ഉൾപ്പെടുത്തി ഇവരുടെ സേവനം ജില്ലാ പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

## 8.5 പെർഫോർമൻസ് ഓഡിറ്റ് വിഭാഗം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകനം ചെയ്ത് ജില്ലാ പദ്ധതിയുടെ ഭാഗം II-ൽ അധ്യായം 6 ആയി ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ സേവനം ജില്ലാ ആസൂത്രണ സമിതി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 8.6 ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ്

8.6.1 ഉപസമിതികളുടെ ആഭിമുഖ്യത്തിലാണ് ജില്ലാ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതെങ്കിലും ഇതിനുവേണ്ട സാങ്കേതിക സഹായം ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് നൽകേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിൽ ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് എന്നീ മൂന്ന് ഓഫീസുകളാണ് ഉൾപ്പെടുന്നത്. ഡി.പി.സി. സെക്രട്ടേറിയറ്റിൽ ഉൾപ്പെടുന്ന ഓഫീസുകളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് | : | സ്ഥലപരാസൂത്രണത്തിന് (spatial planning) ആവശ്യമായ സാങ്കേതിക സഹായം നൽകുക |
| ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് | : | ആസൂത്രണത്തിന് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുക |
| ജില്ലാ പ്ലാനിംഗ് ഓഫീസ് | : | ആസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക |

**8.7 കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങൾ**

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ വികസന വകുപ്പുകളുടെ സഹായത്തോടുകൂടി കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ 2017-18-ലെ ബജറ്റ് വിഹിതത്തിൽ നിന്നും ഓരോ ജില്ലയ്ക്കുമുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് ലഭ്യമാക്കുന്നതാണ്.

**9. ചെലവുകൾ**

9.1 കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ വേണ്ടിവരുന്ന ചെലവുകൾ '3451-00-101-99-പദ്ധതി തയ്യാറാക്കൽ, സർവേകൾ, പഠനങ്ങൾ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും ജില്ലാ ആസൂത്രണ സമിതികൾക്ക് വേണ്ടി വരുന്ന ചെലവുകൾ (അച്ചടി, വേതനം ഉൾപ്പെടെ) '3451-00-102-99-ജില്ലാ ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ' എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

9.2 കൈപ്പുസ്തകം തയ്യാറാക്കുന്നതിനും പരിശീലനത്തിനുമുള്ള ചെലവുകൾ കില വഹിക്കേണ്ടതാണ്.

10. ജില്ലാ പദ്ധതി രൂപീകരണത്തിന്റെ പ്രവർത്തന കലണ്ടർ നിശ്ചയിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.